"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5690 02.07.2019 ൽ മറുപടിയ്ക്ക്

വച്ചുപിടിപ്പിക്കുന്ന വൃക്ഷത്തൈകളുടെ സംരക്ഷണം

| ചോദ്യം<br>ശ്രീ.വി.ജോയി | | ഉത്തരം<br>ശ്രീ.കെ.രാജു<br>( വനവും വന്യജീവിസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി ) | |
|---|---|---|---|
| (എ) | സാമൂഹ്യ വനവത്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് വിതരണം ചെയ്യുന്ന വൃക്ഷത്തൈകൾ പരിപാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; | (എ) | സാമൂഹ്യവനവത്ക്കരണ വിഭാഗം വന വൽക്കരണത്തിനായി ഹരിതകേരളം , എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്റ്റി, പുഴയോരസംരക്ഷണം, Institutional Plantation, കണ്ടൽ വനവൽക്കരണം തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മേൽ പദ്ധതികൾ പ്രകാരം നല്ലയിനം വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ , മതസംഘടനകൾ, യുവജന സംഘടന, രാഷ്ട്രീയ സംഘടനകൾ, റസിഡൻസ് അസ്സോസിയേഷനുകൾ എന്നിവർക്കായി വിതരണം ചെയ്തു വരുന്നു. ഈ പദ്ധതികൾ എല്ലാം ഫലപ്രദവും , അതുവഴി വൃക്ഷസമ്പത്ത് വനേതരപ്രദേശങ്ങളിൽ വർദ്ധിക്കാനിടയായിട്ടുമുണ്ട്. ഇപ്രകാരം വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ സംരക്ഷണവും, പരിപാലനവും സ്ഥലത്തിന്റെ ഉടമസ്ഥതയിലുള്ള വകുപ്പുകളിലും, സംഘടനകളിലും, വ്യക്തികളിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്. എന്നാൽ വിദ്യാർത്ഥികൾക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകുന്ന തൈകളുടെ അതിജീവനം ഉറപ്പാക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ |

| | | | |
|---|---|---|---|
| | | | വകുപ്പും, തദ്ദേശ സ്വയംഭരണ വകുപ്പും എല്ലാ കൊല്ലവും സർക്കുലറുകൾ ഇറക്കുന്നുണ്ട്. സ്കൂൾ തലത്തിൽ അദ്ധ്യാപകർ, പി.റ്റി.എ പ്രതിനിധി, വിദ്യാർത്ഥി പ്രതിനിധി, വാർഡ് മെമ്പർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും, കോളേജ് തലത്തിൽ പ്രിൻസിപ്പലിന്റെ പ്രതിനിധിയും, പരിസ്ഥിതി പ്രവർത്തകർ, പഞ്ചായത്ത് പ്രസിഡന്റ്/നോമിനി, എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും, പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ്, ക്ഷേമകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ എന്നിവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ, സ്കൂൾ ഹെഡ് മാസ്റ്റർ, സന്നദ്ധ സംഘടന പ്രതിനിധികൾ, പൊതുപ്രവർത്തകർ എന്നിവർ അംഗങ്ങളായ 15- ൽ കൂടാത്ത അംഗസംഖ്യയുള്ള കമ്മിറ്റിയുമാണ് നട്ടുപിടിപ്പിച്ച തൈകളുടെ നിലനിൽപ്പും, വളർച്ചയും, വിലയിരുത്തുന്നതിനും, അതിജീവന ശതമാനം ഉറപ്പിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. ഇപ്രകാരമുള്ള കമ്മിറ്റികൾ പഞ്ചായത്ത് തലത്തിലും സ്കൂൾ, കോളേജ് തലങ്ങളിലും രൂപീകരിച്ച് നടപ്പിലാക്കാനുള്ള സംവിധാനം വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിതരണം ചെയ്ത തൈകളുടെ എണ്ണം, നടീൽ, അതിജീവനം എന്നിവ സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്റ്ററുകൾ സോഷ്യൽഫോറസ്ട്രി വിഭാഗം പരിശോധനാ വിധേയമാക്കി തുടർ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്.<br><br>2016, 2017 വർഷങ്ങളിൽ സംസ്ഥാനത്ത് വിതരണം ചെയ്ത തൈകളുടെ അതിജീവന ശതമാനം 14 ജില്ലകളിലെ തിരഞ്ഞെടുത്ത 20 കോളേജുകളിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ സഹകരണത്തോട് കൂടി തിട്ടപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ 2016-ൽ വിതരണം ചെയ്ത തൈകളിൽ 55.24 ശതമാനവും 2017 കാലഘട്ടത്തിൽ വിതരണം ചെയ്ത തൈകളിൽ 62.53 ശതമാനവും |

| | | | |
|---|---|---|---|
| | | | അതിജീവിച്ചിട്ടുണ്ട് എന്ന് സർവ്വെയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി വഴിയോരങ്ങളിലും സർക്കാർ ഓഫീസുകളിലും വച്ചുപിടിപ്പിച്ചിട്ടുള്ള വൃക്ഷങ്ങൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | വഴിയോരത്തണൽ പദ്ധതി പ്രകാരം വഴിയോരങ്ങളിൽ വച്ചുപിടിപ്പിക്കുന്ന വൃക്ഷത്തൈകൾ കന്നുകാലികളിൽ നിന്നും മറ്റും സംരക്ഷിക്കുന്നതിനായി ട്രീ ഗാർഡ് സംരക്ഷണം നൽകുകയും, കാലാകാലങ്ങളിൽ കളകൾ നീക്കം ചെയ്യുകയും പരിപാലനത്തിന് സന്നദ്ധസംഘടനകൾ, ക്ലബ്ബുകൾ , ഫീൽഡ് സ്റ്റാഫുകൾ എന്നിവരുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്യുന്നു. നശിച്ചുപോയ വൃക്ഷത്തൈകൾക്ക് പകരം പുതിയവ നട്ടുപിടിപ്പിക്കുന്നതിന് (കാഷ്വാലിറ്റി റീപ്ലേസ്മെന്റ്) നടപടി സ്വീകരിക്കാറുണ്ട്. നട്ടുപിടിപ്പിച്ചിരിക്കുന്ന വൃക്ഷത്തൈകളുടെ സംരക്ഷണ ചുമതല റോഡിന്റെ ഉടമസ്ഥതയുള്ള പൊതുമരാമത്ത് വകുപ്പ്, തദ്ദേശീയ പാതാ അതോറിറ്റി തുടങ്ങിയവർക്കാണ്. വനം വകുപ്പ് നേരിട്ട് വിവിധസ്ഥാപനങ്ങളിൽ നട്ടുപിടിപ്പിക്കുന്ന തൈകളുടെ പരിപാലനം ആദ്യത്തെ രണ്ടു വർഷം വനം വകുപ്പ് നേരിട്ടും തുടർ പരിപാലനം വനം വകുപ്പുമായി MOU- ൽ ഏർപ്പെടുന്ന പ്രസ്തുത സ്ഥാപനത്തിലും നിക്ഷിപ്തമായിരിക്കും. |

സെക്ഷൻ ഓഫീസർ